**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1063** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>തളിപ്പറമ്പ് - ശ്രീകണ്ഠാപുരം - ഇരിട്ടി സംസ്ഥാന പാതയുടെ വികസനവും നവീകരണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തളിപ്പറമ്പ് - ശ്രീകണ്ഠാപുരം - ഇരിട്ടി സംസ്ഥാന പാതയിൽ പ്രയാസമേറിയ വളവുകൾ മൂലവും വീതിക്കുറവ് മൂലവും ഗതാഗത തടസ്സങ്ങളും അപകടങ്ങളും പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** പ്രസ്തുത പാതയിൽ തളിപ്പറമ്പ് മുതൽ ചൊവ്വാക്കൽ വരെയുള്ള ഭാഗം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ വരുന്ന പ്രവർത്തിയായ ചൊർക്കള - ബാവുപ്പറമ്പ - നാണിച്ചേരിക്കടവ്- ചെക്യാട്ടുകാവ്-മയ്യിൽ-പാവന്നൂർ മൊട്ട- കൊളോളം - ചാലോട് റോഡിന്റെ ചൊർക്കള മുതൽ ചാലോട് വരെയുള്ള ഒന്നാമത്തെ ഭാഗവും, തളിപ്പറമ്പ് ടാഗോർ വിദ്യാനികേതൻ മുതൽ - സർ സയ്യിദ് കോളേജ് - ഭ്രാന്തൻ കുന്ന് വരെയുള്ള രണ്ടാമത്തെ ഭാഗവും ഉൾപ്പെടെ പ്രൊജക്ട് റോഡിന് ആകെ 25.25 Km നീളമാണ് ഉള്ളത്. 13.6 മീറ്റർ ROW വിൽ രണ്ടുവരിപ്പാതയായി വിഭാവനം ചെയ്തിരിക്കുന്ന പ്രവൃത്തിയ്ക്ക് കിഫ്ബിയിൽ നിന്നും 291.63 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ ഏറ്റെടുത്ത സ്ഥലത്തിന്റെയും 729 ചമയങ്ങളുടെയും മൂല്യനിർണ്ണയം പൂർത്തീകരിച്ചു. 19(1) വിജ്ഞാപനം പുറപ്പെടുവിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽ നിന്നും പുതുക്കിയ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായതിനാൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.

**(സി)** മലയോര മേഖലയിലേക്കുള്ള യാത്രയ്ക്കും തീർത്ഥാടന-ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും പ്രയോജനപ്പെടുന്ന പ്രസ്തുത സംസ്ഥാന പാതയിലെ വളവുകൾ നിവർത്തി വീതികൂട്ടി നവീകരിക്കുന്നതിനായി പ്രത്യേക ഫണ്ട് വകയിരുത്തി പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**